**സബ്മിഷൻ**

(1) സർക്കാർ സ്കൂൾ ബസുകളുടെ ആവർത്തനച്ചെലവ്

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ ഇവിടെ സഭയിൽ ഉന്നയിക്കുന്നത് സ്കൂൾ ബസ്സിലെ ഡ്രൈവർമാരെ സംബന്ധിച്ച വിഷയമാണ്. നമുക്കറിയാം, കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി ലക്ഷക്കണക്കിനുവരുന്ന കുട്ടികളാണ് പൊതുവിദ്യാഭ്യാസരംഗത്തേയ്ക്ക് മടങ്ങിവന്നിട്ടുള്ളത്. ഇന്ന് എല്ലാ സ്കൂളുകളിലും വാഹനങ്ങളുടെ ആവശ്യമുണ്ട്; പഴയതുപോലെ കുട്ടികൾ നടന്നല്ല വരുന്നത്. എം.പി., എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്കൂളുകൾക്ക് വാങ്ങിക്കൊടുത്ത വാഹനങ്ങൾ ഇന്ന് ഉപയോഗിക്കാൻ കഴിയാത്ത ചില പ്രതിസന്ധികളുണ്ട്. ഡീസലിന്റെ വില വർദ്ധനവ്, സ്പെയർ പാർട്സിന്റെ വില വർദ്ധനവ്, ഇൻഷുറൻസ്, മറ്റ് ടാക്സുകളുടെ വില വർദ്ധനവിന്റെ ഭാഗമായും നികുതി കൂടിയതിന്റെ ഭാഗമായും ഡ്രൈവർമാർക്ക് ശമ്പളം കൊടുക്കുന്ന അധികബാദ്ധ്യത പി.ടി.എ. കമ്മിറ്റികളും സ്കൂൾ അധികൃതരും ഏറ്റെടുത്ത് വരികയാണ്. എന്നാൽ ചില ഘട്ടങ്ങളിൽ ഇത് വലിയ പ്രതിസന്ധി സ്കൂളുകളിൽ ഉണ്ടാക്കുന്നുണ്ട്. ഡ്രൈവർമാർക്ക് മാന്യമായ ശമ്പളം

കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. നമുക്കറിയാം, ഇതൊരു പൊതു പ്രശ്നമാണ്. എല്ലാ സ്കൂളുകളും ഇത് ഫെയ്സ് ചെയ്യുകയാണ്. ഈ വിഷയത്തിൽ ഡ്രൈവർമാർക്ക് ശമ്പളം കൊടുക്കുന്നതിന് ഒരു നിശ്ചിത തുകയെങ്കിലും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്രമപ്പെടുത്തിക്കൊണ്ട് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചാൽ നന്നായിരിക്കും. വലിയതോതിലുള്ള പ്രശ്നങ്ങളാണ് എല്ലാ സ്കൂളുകളും നേരിടുന്നത്. ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. കെ. ആൻസലൻ ഉന്നയിച്ച കാര്യം ഗൗരവപൂർണ്ണമായ പരിശോധനയ്ക്ക് വിധേയപ്പെടുത്തി. എം.പി.-യുടെ പ്രാദേശിക വികസനപരിപാടി, എം.എൽ.എ.-യുടെ പ്രത്യേക വികസനഫണ്ട് തുടങ്ങിയ വിവിധ പരിപാടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകൾക്ക് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ ഇന്ധനച്ചെലവ്, സ്റ്റാഫിന്റെ/സ്ത്രീകളുടെ വേതനം, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ പി.ടി.എ. വഹിക്കണമെന്ന

നിബന്ധനയോടെയാണ് ഇവ വാങ്ങി നൽകിയിട്ടുള്ളത്. ഇത്തരം ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് 19-04-2022-ലെ ഉത്തരവനുസരിച്ച് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഖണ്ഡിക 8.6 19-ലും 19-04-2022-ലെ ഉത്തരവനുസരിച്ച് പദ്ധതി ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 8.6 17-ലും വ്യക്തമാക്കിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വികസനക്ഷേമചുമതലകൾ, സർക്കാർ കൈമാറുന്ന വികസന ഫണ്ട്, തനത് ഫണ്ടിലെ മിച്ചം തുക എന്നിവ ഉപയോഗിച്ചാണ് ഇവ നിർവ്വഹിക്കുന്നത്. ഈയടുത്തകാലത്തായി ദുരന്തനിവാരണമടക്കമുള്ള പല പുതിയ ചുമതലകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ നിർബന്ധിതമായിട്ടുണ്ട്. ജൽജീവൻ മിഷൻ പ്രോജക്ടിന്റെ 15 ശതമാനം വിഹിതം, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് തുടങ്ങിയ ബാദ്ധ്യതകളുമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ ബാദ്ധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമേൽ കൊണ്ടുവരുന്നത് അഭികാമ്യമല്ല. സ്കൂൾ ബസുകളുടെ ആവർത്തനച്ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകുകയാണെങ്കിൽ ഇപ്പോൾ

പി.ടി.എ.-യുടെ നേതൃത്വത്തിൽ ഫണ്ട് സമാഹരിക്കുന്ന രീതി ക്രമേണ ഇല്ലാതാകുന്നു. മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനം ഈ ബാദ്ധ്യതകൂടി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ നിലവിൽ ചെയ്തുവരുന്ന മറ്റ് ചുമതലകളുടെ നിർവ്വഹണവും അതിന്റെ ഗുണമേന്മയും അതിനെ ബാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. സ്കൂൾ ബസ്സുകളുടെയും ഡ്രൈവർമാരുടെയും വേതനം,ഇന്ധനച്ചെലവുകൾ, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ ഇപ്പോൾ ചെയ്തുവരുന്നതുപോലെ പി.ടി.എ.-യുടെ നേതൃത്വത്തിൽ സമാഹരിക്കുന്ന രീതി തന്നെയായിരിക്കും അഭികാമ്യം.

(2) <u>തിരുവമ്പാടിയിലെ ഭൂവുടമകൾക്കുള്ള പ്രയാസങ്ങൾ</u>

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, മലയോരമേഖലയായ കട്ടിപ്പാറ, താമരശ്ശേരി, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലായി തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടി, കോടഞ്ചേരി, കുമാരനെല്ലൂർ, കൊടിയത്തൂർ, തിരുവമ്പാടി വില്ലേജുകളിൽ റവന്യൂ രേഖകളിൽ 'തോട്ടഭൂമി' എന്ന് രേഖപ്പെടുത്തിയതിനാൽ നികുതി സ്വീകരിക്കാത്തതും കൈവശരേഖ നൽകാത്തതും നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണം

ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നൂറുകണക്കിന് കുടുംബങ്ങളാണ് പ്രയാസമനുഭവിക്കുന്നത്. എന്റെ മണ്ഡലത്തിൽ കുമാരനെല്ലൂർ വില്ലേജിൽ ഒല്ലാത്തെപ്പാറ, മരഞ്ചാട്ടി, പാറത്തോട്, ചുണ്ടത്തുമ്പൽ, കുന്തംചാരി എന്നീ പ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന 3000-ത്തിലധികം കുടുംബങ്ങൾക്ക് കെട്ടിടനമ്പർ, കൈവശരേഖ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി എന്നിവ ലഭിക്കുന്നില്ല. നേരത്തെ നികുതി സ്വീകരിക്കാത്ത സാഹചര്യമുണ്ടായ സാഹചര്യത്തിൽ മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസിന്റെ നേതൃത്വത്തിൽ ജനകീയ പ്രക്ഷോഭം നടത്തിയാണ് നികുതി സ്വീകരിക്കുന്ന സാഹചര്യമുണ്ടായത്. കോടഞ്ചേരി വില്ലേജിലെ കളപ്പുറം ഭാഗത്തും സമാനമായിട്ടുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. കോടഞ്ചേരി വില്ലേജിലെ ശാന്തിനഗർ പ്രദേശത്ത് 1968-ലെ മന്ത്രിസഭാ തീരുമാനപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ഇറക്കിയ ഉത്തരവുപ്രകാരം, 53 വർഷങ്ങൾക്കുമുൻപ് വിൽപ്പനയ്ക്ക് വാങ്ങിയ എല്ലാവിധ റവന്യൂ രേഖകളുമുള്ള ഭൂമി 125 കുടുംബങ്ങൾക്ക് ഇന്നുവരെയില്ലാതിരുന്ന ഒരു പ്രയാസം നേരിടുകയാണ്. കഴിഞ്ഞ രണ്ടുമാസംവരെ യാതൊരു നിയന്ത്രണവും ഇല്ലാതിരുന്ന ഭൂമിയിൽ 'തോട്ടഭൂമി' ആണെന്ന് ചൂണ്ടിക്കാട്ടി

നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുകയാണ്. വർഷങ്ങളായി ഇങ്ങനെ താമസിക്കുന്ന ചെറുകിട കൃഷിക്കാരും സാധാരണക്കാരുമായിട്ടുള്ള ഇവരുടെ ഭൂമിക്ക് ആവശ്യമായ രേഖകൾ നൽകുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും മേൽ സൂചിപ്പിച്ച വിഷയങ്ങൾ അടിയന്തരവും ശാശ്വതവുമായ പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പൊതുസമൂഹത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. റവന്യൂ രേഖകളിൽ തോട്ടം ഭൂമിയെന്ന് രേഖപ്പെടുത്തിയതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത പ്രശ്നം കോഴിക്കോട് ജില്ലയിലും മറ്റു പല ജില്ലകളിലുമുള്ളതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഭൂപരിധിയിൽ ഇളവനുവദിക്കപ്പെട്ട ഭൂമി തുണ്ടുകളായി മുറിച്ചുവിറ്റ് തരംമാറ്റുന്നത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട വിവിധ കേസ്സുകളിന്മേൽ 13-02-2015-ന് ബഹുമാനപ്പെട്ട

ഹൈക്കോടതി കൈമാറ്റങ്ങൾ സാധൂകരിക്കുന്നുണ്ടെങ്കിലും ഇളവനുവദിക്കപ്പെട്ട ഭൂമി തരംമാറ്റുന്നതിനെതിരെ റവന്യൂ അധികൃതർക്ക് നടപടി സ്വീകരിക്കാമെന്നും ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 87 പ്രകാരം ഭൂമി തരംമാറ്റിയ ഭൂവുടമകൾക്കെതിരെ മിച്ചഭൂമി കേസ് ആരംഭിച്ച് തീരുമാനമെടുക്കുകയാണ് വേണ്ടതെന്ന് വിധി പുറപ്പെടുവിച്ചു. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരംമാറ്റൽ നിരുത്സാഹപ്പെടുത്തുന്നതിനായി കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവനുവദിച്ച ഭൂമിയിൽ മറ്റാവശ്യങ്ങൾക്കായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും സംസ്ഥാന വൈദ്യുതി ബോർഡിലേയ്ക്കും സർട്ടിഫിക്കറ്റുകൾ നൽകാനും പാടില്ലെന്ന് കാണിച്ച് 25-02-2015-ലെ LB/9515/2009 നമ്പർ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ലാൻഡ് റവന്യൂ ബോർഡ് സെക്രട്ടറി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് തിരുവമ്പാടി മണ്ഡലത്തിലെ കക്കാട്, കുമരനെല്ലൂർ പ്രദേശങ്ങളിൽ പ്രസ്തുത ആവശ്യങ്ങൾക്ക് റവന്യൂ അധികാരികൾ കൈവശാവകാശ സർട്ടിഫിക്കറ്റ്

നൽകാതിരിക്കുന്നതെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചതായി ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ മേൽസൂചിപ്പിച്ച നിർദ്ദേശം ജനങ്ങൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്ന് വ്യാപകമായ പരാതികൾ ഉയരുകയും അത് പരിഹരിക്കാൻ 06-01-2016-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേരുകയുമുണ്ടായി. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ മേൽപ്പറഞ്ഞ അർദ്ധ ഔദ്യോഗിക കത്തിലെ 11-ാം ഖണ്ഡിക പിൻവലിക്കണമെന്നും തുടർനടപടി സ്വീകരിക്കണമെന്നും സർക്കാർ 03-02-2016-ലെ 79256/N3/2015 റവന്യൂ നമ്പർ കത്തുപ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. സർക്കാരിന്റെ നിർദ്ദേശപ്രകാരം 2015-ലെ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലെ 'സർട്ടിഫിക്കറ്റുകൾ/പെർമിറ്റുകൾ നൽകരുത്' എന്ന ഭാഗം പിൻവലിക്കുകയും ആ വിവരം ലാൻഡ് ബോർഡ് സെക്രട്ടറി എല്ലാ ജില്ലാ കളക്ടർമാരെയും അറിയിക്കുകയുമുണ്ടായി. എന്നാൽ 25-02-2015-ലെ LB/9515/2009 നമ്പർ അർദ്ധ ഔദ്യോഗിക കത്തിലെ 11-ാം ഖണ്ഡികയിലെ നിർദ്ദേശം ഇപ്പോഴും

നിലനിൽക്കുന്നുവെന്ന ധാരണയിലാണ് കോഴിക്കോട് ജില്ലാ കളക്ടറും മറ്റു ചില ഉദ്യോഗസ്ഥരും ഈ നടപടികൾ സ്വീകരിച്ചുവരുന്നത് എന്ന് കാണുന്നു. 03-02-2016-ലെ 79256/N3/2015 റവന്യൂ നമ്പർ കത്തിലെ നിർദ്ദേശം ഒരിക്കൽക്കൂടി എല്ലാ ജില്ലാ കളക്ടർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ഇക്കാര്യത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കാൻ നിർദ്ദേശം നൽകുമെന്നും ലാൻഡ് ബോർഡ് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നികുതി അടയ്ക്കുക എന്നുപറഞ്ഞാൽ ഒരു കാരണവശാലും അത് ഭൂമിയുടെ അവകാശമാകില്ല. ടൈറ്റിലിൽ തൊടാനാകില്ല. നമ്മൾ ഉപയോഗിക്കുന്ന ഭൂമിയുടെ ടാക്സ് അടയ്ക്കൽ മാത്രമാണ് അതെന്ന് സഭ മുഴുവൻ മനസ്സിലാക്കേണ്ടതാണ്. ജനങ്ങളുടെ പ്രയാസം പരിഹരിക്കുന്നതിന് ഒരിക്കൽക്കൂടി ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ സ്പഷ്ടീകരണം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതല്ലാതെ ഭൂപരിഷ്കരണ നിയമപ്രകാരം ഇളവനുവദിച്ചിട്ടുള്ളതല്ലാത്ത ഭൂമി റവന്യൂ രേഖകളിൽ തോട്ടമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന കാരണത്താലാണ് നിർമ്മാണ

പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കാം.

(3) അഗതി കേന്ദ്രങ്ങളിലേയ്ക്കുള്ള സൗജന്യ ഭക്ഷ്യവസ്തുക്കളുടെ പുനഃസ്ഥാപനം

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിൽ ആയിരത്തി എണ്ണൂറിലധികം വൃദ്ധസദനങ്ങളടക്കമുള്ള അഗതി കേന്ദ്രങ്ങളിലേയ്ക്ക് സൗജന്യ നിരക്കിൽ നൽകിവന്നിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണം കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനെതിരെ സംസ്ഥാനം അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. സമൂഹത്തിന്റെ പിന്തുണയോടുകൂടിയാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കോവിഡ് കാലത്ത് വലിയ പ്രതിസന്ധിയാണ് ഇത്തരം സ്ഥാപനങ്ങൾ നേരിട്ടത് എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ബാലഭവനുകളും അഭയഭവനുകളുമടക്കമുള്ള അഗതി കേന്ദ്രങ്ങളിലേയ്ക്ക് പൊതുവിതരണ വകുപ്പ് സൗജന്യമായി നൽകിയിരുന്ന അരിയുടെയും ഗോതമ്പിന്റെയും വിതരണം നിലവിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. വെൽഫെയർ സ്കീമിൽപ്പെടുത്തിയാണ് അരിയും ഗോതമ്പുമെല്ലാം കേന്ദ്രത്തിൽനിന്നും ലഭിച്ചിരുന്നത്. പ്രസ്തുത വെൽഫെയർ സ്കീമിൽനിന്നും കേന്ദ്രവിഹിതം

ഉണ്ടാകില്ലെന്നതരത്തിലാണ് ഇപ്പോൾ അറിയിപ്പ് ലഭിച്ചിരിക്കുന്നത്. ഭക്ഷ്യവസ്തുക്കൾ സൗജന്യ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന ഏകദേശം ആയിരത്തി എണ്ണൂറിലധികം സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ഭിന്നശേഷിക്കാരുടെ താമസ കേന്ദ്രങ്ങൾ, ബാലഭവനുകൾ, അഭയ ഭവനുകൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ എന്നിവിടങ്ങളിൽ കഴിയുന്ന നിരാലംബരായ ആയിരക്കണക്കിനുപേരുടെ അന്നമാണ് കേന്ദ്ര സർക്കാർ ഇതിലൂടെ മുടക്കുന്നത്. കേരളത്തിലെ അഗതികേന്ദ്രങ്ങളിലേയ്ക്ക് സൗജന്യ നിരക്കിൽ നൽകിവന്നിരുന്ന ഭക്ഷ്യ വസ്തുക്കളുടെ വിതരണം നിർത്തലാക്കിയ കേന്ദ്ര തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട പുനലൂർ അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഈ വിഷയം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മന്ത്രിമാരും ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും എം.എൽ.എ.-മാരും ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതുകൊണ്ടുതന്നെ

ഇത് വളരെ ഗൗരവമേറിയതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ മുതലായ ക്ഷേമ സ്ഥാപനങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ മറ്റു പിന്നാക്കവിഭാഗ ക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കുമാണ് ഈ സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നത്. ടി സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 10.50 കിലോ അരി 5.65 രൂപ നിരക്കിലും 4.50 കിലോ ഗോതമ്പ് 4.15 രൂപ നിരക്കിലുമാണ് നൽകിവരുന്നത്. സംസ്ഥാനത്ത് അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങൾക്കാണ് കേന്ദ്ര സർക്കാരിന്റെ ദർപ്പൻ സോഫ്റ്റ്‌വെയർ വഴി വെൽഫെയർ പെർമിറ്റ് അനുവദിച്ചിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിലെ ആദ്യ അലോട്ട്മെന്റിനുശേഷം നാളിതുവരെ ടി സ്കീമിൽ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം അനുവദിച്ചിട്ടില്ല. മന്ത്രിയെന്ന നിലയിൽ ഞാൻ നേരിട്ട് ഈ വിഷയം പലതവണ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഏറ്റവും അവസാനമായി 2022 ഫെബ്രുവരി 26-ന് ടി വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുമുണ്ടായി.

ഇതിന് മറുപടിയായി കേന്ദ്രമന്ത്രിയുടെ 2022 മാർച്ച് 23-ലെ കത്ത് സംസ്ഥാനത്തിന് ലഭിച്ചിരുന്നു. പലവിധമായ സാങ്കേതിക തടസ്സങ്ങളാണ് കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പട്ടിണി മാറ്റുന്നതിനായി സംസ്ഥാന സർക്കാർ ടി കാലയളവിൽ 2837.885 മെട്രിക് ടൺ അരിയും 736.027 മെട്രിക് ടൺ ഗോതമ്പും വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തിന് 1,65,00,000/- രൂപയുടെ അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ വൃദ്ധസദനങ്ങൾ, അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ അംഗീകാരമുള്ള വെൽഫെയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ തുടർന്നും അനുവദിക്കണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രത്തിൽനിന്നും അനുവദിക്കുന്നതുവരെ ട്രേഡ് ഓവർ വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് കഴിഞ്ഞ നാൾവരെ നൽകിയിരുന്ന തോതിൽ ഈ മാസം മുതൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതാണ്. ട്രേഡ് ഓവർ വിഹിതമായി കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന ഗോതമ്പ് നിർത്തലാക്കിയ സാഹചര്യത്തിൽ പകരം

അരി നൽകുന്നതാണ്.

(4) മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഇൻഷ്വറൻസ് മെഡിക്കൽ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന തൃശ്ശൂർ ജില്ലയിലെ രണ്ട് ആശുപത്രികളിലൊന്നാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രി. ഈ വകുപ്പിനുകീഴിലുള്ള നമ്മുടെ സംസ്ഥാനത്തെ ഏക നെഞ്ചുരോഗാശുപത്രി കൂടിയാണിത്. ഈ ആശുപത്രിയോടൊപ്പം ഒരു ആയുർവ്വേദ വിഭാഗവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള 53000 തൊഴിലാളികളും അവരുടെ ആശ്രിതരും ഈ ആശുപത്രിയിൽ ചികിത്സയ്ക്കായി വിവിധ സമയങ്ങളിൽ എത്തേണ്ടവരാണ്. 110 കിടക്കകളും 90-ഓളം ജീവനക്കാരുമാണ് ഇപ്പോൾ അവിടെ സേവനമനുഷ്ഠിക്കുന്നത്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയുർവ്വേദ വിഭാഗത്തിൽ 20 കിടക്കകളിൽനിന്നും 30 കിടക്കകളായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം നിലവിലുണ്ട്, അത് നടപ്പാക്കണം. ഈ ആശുപത്രിയിൽ 5 കിടക്കകളോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റ് നിർമ്മാണം

പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇത് പ്രവർത്തിപ്പിക്കാൻ 4 ഡയാലിസിസ് ടെക്നീഷ്യന്മാർ ആവശ്യമാണ്. ടെക്നീഷ്യന്മാരുൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതുണ്ട്. ഇപ്പോൾ ആശുപത്രിയിലെ ഒരു കുളത്തിൽനിന്നാണ് ദൈനംദിനാവശ്യങ്ങൾക്കുള്ള വെള്ളമെടുക്കുന്നത്. ഈ കുളത്തിനടുത്തുകൂടി കനാലുകളും മറ്റും ഒഴുകുന്നുണ്ട്. ഇത് കുളത്തിലെ വെള്ളം മലിനമാക്കുന്നു. വേനൽക്കാലത്ത് കുളം വറ്റിപ്പോകുന്ന നിലയുമുണ്ട്. ആയതുകൊണ്ട് ഇ.എസ്.ഐ. ആശുപത്രിയിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് തൊട്ടടുത്താണ് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി. മെഡിക്കൽ കോളേജിനായി വാട്ടർ അതോറിറ്റി രൂപപ്പെടുത്തുന്ന കുടിവെള്ള പദ്ധതികളിൽ ഈ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ജൽജീവൻ പദ്ധതിയിൽ ഈ ആശുപത്രിയെ ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള വാട്ടർ അതോറിറ്റി ലൈനിൽനിന്നും

200 മീറ്റർ പൈപ്പ്ലൈൻ വലിച്ച് വെള്ളം ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലേബർ ഡിപ്പാർട്ടുമെന്റിന് മുന്നിലുണ്ട്. ഇത് ഉടൻ അനുവദിക്കുകയാണെങ്കിൽ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയാക്കാവുന്നതാണ്. ഇത് തൊഴിലാളികൾക്ക് കൂടുതൽ ഗുണം ചെയ്യും. നിലവിൽ ഈ ആശുപത്രിയിൽ ജനറൽ മെഡിസിനും പൾമണറി വിഭാഗവും ആയുർവ്വേദ വിഭാഗവും മാത്രമാണ് പ്രവർത്തിക്കുന്നത്. 110 കിടക്കകളുള്ള ഈ ആശുപത്രിയെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കൂടുതൽ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനും അതുവഴി രോഗികൾക്ക് സേവനം നൽകുന്നതിനും കഴിയും. ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, അഞ്ച് ഫീഡിംഗ് ഡിസ്പെൻസറികൾ അടങ്ങുന്ന മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 54102 തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സ തേടുന്നുണ്ട്. നിലവിൽ മുളങ്കുന്നത്തുകാവ്

ഇ.എസ്.ഐ. ആശുപത്രിയിൽ 90 അലോപ്പതി കിടക്കകളും 20 ആയുർവ്വേദ കിടക്കകളുമുൾപ്പെടെ 110 കിടക്കകളാണുള്ളത്. പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി നാല് ഡയാലിസിസ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിക്കുന്നവിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ ആയുർവ്വേദ വിഭാഗത്തിൽ നിലവിലുള്ള 20 കിടക്കകൾ 30 കിടക്കകളായി ഉയർത്തുന്നതിന് 31-05-2018-ൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. ആയതിലേയ്ക്കാവശ്യമായ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. അലോപ്പതി വിഭാഗത്തിൽ നിലവിലുള്ള 90 കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പാലക്കാട് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയാണ്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, അനസ്തേഷ്യോളജി എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മുളങ്കുന്നത്തുകാവ് ആശുപത്രിയിൽ നിലവിൽ ജനറൽ

മെഡിസിൻ, പൾമനോളജി, റേഡിയോളജി, ദന്തൽ വിഭാഗങ്ങൾ മാത്രമാണുള്ളത്. മുളങ്കുന്നത്തുകാവ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സ കുറവായതിനാൽ ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി പാലക്കാട് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയായി തുടരുന്നതാണ് അഭികാമ്യം. ജൽജീവൻ പദ്ധതി ഉപയോഗിച്ച് പൈപ്പ്ലൈൻ കണക്ഷൻ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലേയ്ക്ക് എത്തിച്ചുനൽകണമെന്ന് ആശുപത്രി സൂപ്രണ്ട് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട വിഷയമാണ്. ആയത് ഇ.എസ്.ഐ. കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്. വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇ.എസ്.ഐ. ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട എം.എൽ.എ.-യും അവിടുത്തെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാരവാഹികളുമായി ചേർന്ന് ഒരു യോഗം സംഘടിപ്പിക്കാമെന്നുള്ള കാര്യംകൂടി ഇവിടെ അറിയിക്കുകയാണ്.

(5) സർക്കാർ വിദ്യാലയങ്ങൾക്കുള്ള ഭൂമി

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച വലിയ നേട്ടത്തിന്റെ ഭാഗമായി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്ന കാലമാണിത്. സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് വളരെ വലിയ പരിശ്രമമാണ് നടത്തിവരുന്നത്. സംസ്ഥാനത്തെ ചില എൽ.പി., യു.പി. സ്കൂളുകൾ ഇന്നനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്വന്തമായി ഭൂമിയില്ലെന്നുള്ളത്. സംസ്ഥാനത്തെ 105 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സ്വകാര്യ, വാടക ഭൂമിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിൽ ഭൗതികസൗകര്യം മെച്ചപ്പെടുത്താൻ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കെട്ടിട ഉടമസ്ഥരിൽ പലരും സ്കൂൾ പ്രവർത്തിക്കുന്ന

കെട്ടിടത്തിനാവശ്യമായ മെയിന്റനൻസ് നടത്തുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കന്നൂർ ജി.യു.പി. സ്കൂൾ കെട്ടിടം നിലവിൽ അൺഫിറ്റായി പ്രഖ്യാപിക്കുകയും കുട്ടികളെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ബാലുശ്ശേരി ജി.എൽ.പി. സ്കൂൾ, ഉള്ളിയേരി ജി.എൽ.പി. സ്കൂൾ, പള്ളിയോത്ത് ജി.എൽ.പി. സ്കൂൾ, ജി.എം.എൽ.പി. സ്കൂൾ, ഉണ്ണികുളം തുടങ്ങിയ സ്കൂളുകൾ സ്വന്തമായി സ്ഥലമില്ലാത്തതുകൊണ്ട് വലിയ പരിമിതിയാണ് നേരിടുന്നത്. മികവാർന്ന വിദ്യാഭ്യാസം നൽകുന്നതിനായി പ്രാഥമിക വിദ്യാലയങ്ങളിൽ മികച്ച ഭൗതികസൗകര്യമൊരുക്കേണ്ടതുണ്ട്. 2019-ലെ ബഡ്ജറ്റിൽ ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് പറഞ്ഞിരുന്നു. വിദ്യാലയങ്ങൾക്ക് ഭൂമിയില്ലാത്ത പ്രശ്നം പരിഹരിക്കുന്നതിനായി കിഫ്ബിയിലുൾപ്പെടുത്തി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതമായതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് ഒരു പദ്ധതി രൂപീകരിക്കണമെന്ന് 2019-ലെ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 104-ൽ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന പ്രഖ്യാപനം നടന്നിട്ടില്ല. പ്രസ്തുത പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് അർഹമായ സ്കൂളുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കണ്ണൂർ ഗവൺമെന്റ് യു.പി. സ്കൂൾ ഭാഗികമായി സ്വകാര്യ ഭൂമിയിൽ വാടക നൽകിയാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സ്കൂൾ പ്രവർത്തിച്ചുവരുന്ന വാടകക്കെട്ടിടം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ നടപ്പുവർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ല. സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്കൂൾ കെട്ടിടത്തിന് അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിമിതികളുള്ളതിനാൽ സ്കൂൾ നിൽക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ

പ്രസ്തുത ഭൂമി അഞ്ച് വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതിനാലും ആയതിന്റെ പേരിൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലും ഭൂമിയേറ്റെടുക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഉള്ളിയേരി വില്ലേജിൽ കന്നൂർ ദേശത്ത് റീസർവ്വേ 18/3-ൽപ്പെട്ട 60 സെന്റ് സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിക്കാൻ പാടില്ലെന്ന വ്യവസ്ഥ കർശനമായി പാലിച്ചുകൊണ്ട് നിലവിൽ ടി സ്കൂളിലെ ക്ലാസ്സുകൾ ഫിറ്റ്നസ് ലഭ്യമായ മറ്റ് കെട്ടിടങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ അദ്ധ്യയനം നടത്തിവരികയാണ്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന പദ്ധതി രൂപീകരിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത ഫണ്ട് കിഫ്ബിയിലുൾപ്പെടുത്തി അനുവദിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

(6) <u>പള്ളിമുക്ക്-ഇളമ്പള്ളൂർ മേൽപ്പാത</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ ഗുരുതരമായ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട പ്രശ്നം

രണ്ടാമത്തെ തവണയാണ് ഞാൻ ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2021 ജൂൺ മാസത്തിൽ നിയമസഭ സമ്മേളിക്കുന്ന അവസരത്തിലും ഈ വിഷയം അവതരിപ്പിച്ചിരുന്നു. കുണ്ടറയിലെ ഗതാഗതക്കുരുക്ക് ഒരു ഗതാഗത പ്രശ്നം എന്നതിനപ്പുറത്തേയ്ക്ക് ഒരു മനുഷ്യാവകാശ പ്രശ്നമായിമാറിയിരിക്കുകയാണ്. കാരണം അവിടുത്തെ റെയിൽവേ ഗേറ്റിനപ്പുറത്താണ് ആശുപത്രി, ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ മുതലായ എല്ലാ സംവിധാനങ്ങളുമുള്ളത്. ഗുരുതരമായ രോഗികളെ കൊണ്ടുവരുന്ന ആംബുലൻസുകൾ ഈ റെയിൽവേ ഗേറ്റിനപ്പുറത്ത് കുടുങ്ങി ജീവൻ അപായപ്പെടുന്ന അവസ്ഥപോലുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആർ.ഒ.ബി. പണിയുന്നതിനായി 39.86 കോടി രൂപയുടെ ഭരണാനുമതിയുള്ളതാണ്. അതിന് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പിന് നടപടികളും ആരംഭിച്ചതാണ്. 25-07-2020-ൽ 447 കോടി രൂപയുടെ കിഫ്ബി പ്രോജക്ട് വന്നതുകാരണമാണ് ഇത് തൽക്കാലം ഫ്രീസ് ചെയ്യപ്പെട്ടത്. ഈ കിഫ്ബി പ്രോജക്ട് കെ.ആർ.എഫ്.ബി.-യുടെ

ചുമതലയിലാണ്, അവർ ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മന്ത്രി പോസിറ്റീവായിത്തന്നെ മറുപടി നൽകിയിരുന്നു. കിഫ്ബിയും നിയോജകമണ്ഡലത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുത്തി നിരന്തരമായി റിവ്യു നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും ഒടുവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലത്തുനിന്ന് ആരംഭിക്കുന്ന ഒരു വലിയ റോഡ് വികസന പദ്ധതി, 1,000 കോടി രൂപയുടെ പദ്ധതിയിൽ ഇത് ക്ലബ്ബ് ചെയ്യുകയാണെന്നാണ് പറഞ്ഞത്. ഇവിടെ അത്തരം കാലതാമസങ്ങൾ സഹിക്കാൻ കഴിയില്ല. കാരണം എന്റെ നിയോജക മണ്ഡലത്തിലെ ഒരു ജനതയാകെ ഈ ഗതാഗതക്കുരുക്കിൽ ശ്വാസം മുട്ടുകയാണ്. ബഹുമാനപ്പെട്ട ചെയറിനും അറിവുള്ളതാണ്, അങ്ങും അതുവഴി സഞ്ചരിക്കുന്നയാളാണ്. ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും കൊല്ലത്തുള്ള എല്ലാവർക്കുമറിയാവുന്ന കാര്യമാണ് കുണ്ടറയിലെ ഗതാഗതക്കുരുക്ക്. മണിക്കൂറുകളാണ് ജനങ്ങൾ ഇതിൽപ്പെട്ട് വലയുന്നത്. 19-12-2017-ൽ റെയിൽവേ മേൽപ്പാലത്തിന് General Alignment and

Drawing (GAD) അപ്രൂവ് ചെയ്തിട്ടുള്ളതാണ്. 40 കോടി രൂപയുടെ എ.എസ്. ഉണ്ട്. പള്ളിമുക്കിലും ഇളമ്പള്ളൂരിലും മുക്കടയിലുമാണ് മേൽപ്പാലത്തിന്റെ ആവശ്യമുള്ളത്. എ.എസ്. ഉള്ളത് അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയത്തിൽ ഞാനും ബഹുമാനപ്പെട്ട എം.പി. എൻ. കെ. പ്രേമചന്ദ്രനും അങ്ങേയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ശ്രീ. പി. സി. വിഷ്ണുനാഥ്, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കുണ്ടറ-പള്ളിമുക്ക് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഈ ആർ.ഒ.ബി.-ക്ക് 27-09-2016-ൽത്തന്നെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി ദേശീയപാതാ വിഭാഗം ഭാഗികമായി സർവ്വേ നടപടികൾ നടത്തുകയും ചെയ്തിരുന്നു. ഈ വിഷയം നേരത്തെ ചർച്ച ചെയ്യുതും വളരെ പോസിറ്റീവായ സമീപനം സ്വീകരിച്ചിട്ടുള്ളതും ഇപ്പോഴും എടുക്കാൻ ഉദ്ദേശിക്കുന്നതുമാണ്.

2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിലവിലുള്ള കൊല്ലം-ചെങ്കോട്ട പാത നവീകരണത്തിനുള്ള പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. എല്ലാവരും സ്വീകാര്യതയായി ആ പദ്ധതിയെ കാണുകയാണുണ്ടായിട്ടുള്ളത്. ഇതും കിഫ്ബി ഫണ്ടുപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട യോഗം മന്ത്രിതല സാന്നിദ്ധ്യത്തിൽ ചേർന്ന് പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിരുന്നു. കിഫ്ബി പ്രവൃത്തിയിലെ ഭാഗങ്ങൾ, കുണ്ടറ-പള്ളിമുക്ക് ആർ.ഒ.ബി. പ്രവൃത്തിയുമായി ഓവർലാപ് ചെയ്യുമെന്നതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ഓവർലാപ്പിംഗ് വന്നുകഴിഞ്ഞാൽ ഒരേ വർക്ക് രണ്ട് പദ്ധതികളിൽ വരുന്ന പ്രശ്നമുണ്ട്. ഇളമ്പള്ളൂർ മേൽപ്പാലം നിലവിൽ പരിഗണനയിലില്ല. പക്ഷേ അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ ഗൗരവമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമായി ഒരു ചർച്ച നടത്താം. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതുസംബന്ധിച്ച്

പരിശോധിക്കേണ്ടതുണ്ട്. ഗതാഗതക്കുരുക്ക് കുണ്ടറയിലുണ്ട് എന്നതൊരു വസ്തുതയാണ്. കുണ്ടറയിൽ മാത്രമല്ല, ഭാവി കേരളം നേരിടാൻ പോകുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ഗതാഗതക്കുരുക്ക്. അതിന്റെ കാരണങ്ങൾ രാജ്യത്തെ ഏറ്റവും കൂടുതൽ വാഹനപ്പെരുപ്പവും ജനസാന്ദ്രതയും കേരളത്തിലാണെന്നതാണ്. ഇതിനനുസരിച്ച് ചില കാര്യങ്ങളിൽ എല്ലാവരും ഒത്തൊരുമിച്ച് പോകണമെന്നുകൂടി പ്രത്യേകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

## (7) തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിംഗ്

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവല്ലയും മല്ലപ്പള്ളിയും എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് താലൂക്ക് കേന്ദ്രങ്ങളാണ്. ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് തിരുവല്ല-മല്ലപ്പള്ളി, ചേലക്കൊമ്പുവരെ നീണ്ടുകിടക്കുന്ന റോഡ്. ഈ റോഡ് ഏറ്റെടുക്കണമെന്ന എന്റെ അഭ്യർത്ഥനയനുസരിച്ച് 2016-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും കിഫ്ബി പദ്ധതിയായി ഏറ്റെടുക്കുകയും ചെയ്തു. 83 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയത്. 2016-ൽ ഇത് പ്രഖ്യാപിച്ചെങ്കിലും സ്ഥലമെടുപ്പ് നടപടികൾക്കായി വലിയ കാലതാമസം

നേരിടുകയാണ്. കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പിനുവേണ്ടി കായംകുളത്ത് ഇപ്പോൾ ഒരു യൂണിറ്റ് തുടങ്ങി, അവിടെ ഒരു സർവ്വേയറെയുള്ളൂ. അതുകൊണ്ടുതന്നെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നൽകാൻ ഒരു വർഷംകൂടി വേണ്ടിവരും. ഇവിടെയുണ്ടാകുന്ന ഒരപകടം, സാധാരണ ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. റിപ്പെയർ വർക്കുകളുമായി ബന്ധപ്പെട്ട് കുഴികളടയ്ക്കുന്നുണ്ടെന്നല്ലാതെ റീ-ടാറിംഗ് നടക്കുന്നില്ല. റോഡ് വളരെ പരിതാപാവസ്ഥയിലാണ്. കിഫ്ബി പദ്ധതിയുടെ എസ്.പി.വി. ആയ RICK Ltd.-ന് അത് ചെയ്യാൻ സാധിക്കില്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനം ആലോചിച്ച്, ബി.എം. & ബി.സി. ടാറിംഗിലേയ്ക്ക് പോകണം. എന്നാൽ ആ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് അത്യാവശ്യമായി ഒരു റീ-ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതും പ്രവൃത്തി

ആരംഭിക്കാൻ കഴിയാത്തതുമായ റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള നടപടികളുമായി ബന്ധപ്പെട്ട വിഷയമാണ്. ഈ വിഷയം രണ്ട് സമ്മേളനങ്ങൾക്കുമുമ്പ് ഗൗരവമായി ചർച്ച ചെയ്തതാണ്. എന്നാൽ അതിൽ പോസിറ്റീവായ കുറേയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കിഫ്ബിയുമായി നടത്തിയ ചർച്ചകൾക്കുശേഷം ഇത്തരം റോഡുകളിൽ താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന്റെ അനിവാര്യത കൃത്യമായി ബോധ്യപ്പെടുത്താനും അവയ്ക്ക് തുക അനുവദിക്കാനും സാധിച്ചു. സഭയിൽ ഉൾപ്പെടെ ഉയർന്നുവന്ന ചർച്ചയും വികാരവുമായിരുന്നു അത്. കിഫ്ബി അതിൽ വളരെ പോസിറ്റീവായ നിലപാട് പിന്നീട് സ്വീകരിച്ചു. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ പ്രവർത്തനം നടത്തിയിട്ടുള്ളത് KRFB PMU വഴിയാണ്. തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ നവീകരണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഉത്തരവിറക്കിയതുമാണ്. അതിന്റെ പ്രവൃത്തി നിർവ്വഹണ ചുമതല RICK Ltd.-നാണ്. റോഡിന്റെ നിലവിലെ സാഹചര്യം പരിശോധിച്ച് ഗതാഗതയോഗ്യമാക്കാനുള്ള നടപടി ആലോചിക്കണമെന്നും കിഫ്ബിയുമായി ചർച്ചചെയ്ത് ആവശ്യമായ

തുടർനടപടി കൈക്കൊള്ളണമെന്നും RICK എം.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എന്റെ നിയോജക മണ്ഡലത്തിൽ തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് കിഫ്ബിയുടെ Full Depth Reclamation (FDR) പദ്ധതിപ്രകാരം ഗതാഗതയോഗ്യമാക്കണമെന്നാണ് എന്റെ സബ്മിഷൻ. ദേശീയപാത 66-ൽനിന്നും സംസ്ഥാനപാതയായ പരപ്പനങ്ങാടി-അരീക്കോട് റോഡിൽനിന്ന് കാലിക്കറ്റ് എയർപോർട്ടിലേയ്ക്കും കോഴിക്കോട് സർവ്വകലാശാലയിലേയ്ക്കുമുള്ള റിംഗ് റോഡാണ് തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്. സംസ്ഥാനപാതയിൽ ഗതാഗത തടസ്സമുണ്ടാകുമ്പോൾ എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കും എത്താനുള്ള പ്രധാന റോഡാണിത്. പ്രസ്തുത റോഡ് നവീകരണത്തിനായി 2017-ൽ 10 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചെങ്കിലും കിഫ്ബിയുടെ സ്റ്റാൻഡേർഡ് ഇല്ലെന്ന കാരണത്താൽ റോഡ് നവീകരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ചുമതല Kerala Road Fund Board (KRFB)-ക്കാണ്. പ്രസ്തുത

റോഡിന്റെ പ്രാധാന്യം മനസ്സിലാക്കി കിഫ്ബിയുടെതന്നെ എഫ്.ഡി.ആർ. പദ്ധതിപ്രകാരം തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് നവീകരിക്കണമെന്നാണ് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതും കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട വിഷയംതന്നെയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും സ്ഥലലഭ്യതയിലെ പോരായ്മ കാരണം പ്രവൃത്തിയിലേയ്ക്ക് കടക്കാതിരിക്കുകയും ചെയ്ത റോഡിനെ സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ സബ്മിഷനായി ഉന്നയിച്ചത്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ പല മണ്ഡലങ്ങളിലുമുണ്ട്, സഭയിൽ ഈ വിഷയം മുമ്പ് ചർച്ച ചെയ്തതുമാണ്. നേരത്തെ ഉന്നയിച്ച സബ്മിഷനുകൾക്ക് മറുപടിയായി ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടി. പൊതുമരാമത്ത് വകുപ്പിലെ കിഫ്ബി പ്രവൃത്തികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട നിരവധി നിർദ്ദേശങ്ങൾ ഈ സഭയിൽത്തന്നെ അംഗങ്ങൾ മുന്നോട്ടുവച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും കിഫ്ബി ഉദ്യോഗസ്ഥരും ചേർന്ന് ഇത്തരം പരാതികൾ

പരിഹരിക്കുമെന്ന് അന്ന് സഭയിൽ ഉറപ്പുനൽകി. അതിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ കൃത്യമായി നടന്നുവരുന്നു. വളരെ പോസിറ്റീവായ സമീപനം കിഫ്ബിയുമെടുത്തു. അതിലൂടെ ഒട്ടനവധി കാര്യങ്ങളിൽ നമുക്ക് മുന്നേറ്റമുണ്ടാക്കാനായി. കിഫ്ബി സാമ്പത്തിക അനുമതി നൽകുകയും എന്നാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരിക്കുകയും ചെയ്ത റോഡുകൾ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ഉയർന്ന നിലവാരത്തിലേയ്ക്ക് പുനർനിർമ്മിക്കാൻ പദ്ധതി ആരംഭിച്ച വിവരം സഭയെ പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫുൾ ഡെപ്ത്ത് റെക്ലമേഷൻ (എഫ്.ഡി.ആർ.) എന്ന പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് റോഡുകൾ പുനരുദ്ധരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. പഴയ റോഡിളക്കി പൊടിച്ച് അതിൽ സിമെന്റ് മിക്സ് ചെയ്ത്, രണ്ട് ലെയറായി, ഒന്ന് 20 സെന്റീമീറ്റർ കനത്തിലും 25 സെന്റീമീറ്റർ കനത്തിലുമായി 45 സെന്റീമീറ്റർ കനം, അതിന് മുകളിൽ 3 സെന്റീമീറ്റർ കനത്തിൽ ബി.സി ചെയ്ത്, മൊത്തം 48 സെന്റീമീറ്റർ കനത്തിലാണ് എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നത്. അതിന് ഒരുപാട് സൗകര്യങ്ങളുള്ളതിനാൽ

എഫ്.ഡി.ആർ.-നെ പ്രോത്സാഹിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കും. എഫ്.ഡി.ആർ. എന്ന പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് 30 റോഡുകൾ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ടെണ്ടർ നടപടികൾ ആരംഭിച്ചു. നിലവിലുള്ള റോഡിലെ അസംസ്കൃത വസ്തുക്കൾതന്നെ ഉപയോഗിച്ച് റോഡുകൾ പുനർനിർമ്മിക്കുന്ന രീതി വളരെ പോസിറ്റീവായി, പ്രോത്സാഹിപ്പിച്ച് പോകേണ്ട രീതിയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച റോഡ്, കിഫ്ബിയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ച പദ്ധതിയാണ്. ഇത്തരം പദ്ധതികളെക്കൂടി എഫ്.ഡി.ആർ. സാങ്കേതികവിദ്യയിലൂടെ പുനർനിർമ്മിക്കണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 44 റോഡുകൾ ഇത്തരത്തിൽ നവീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിലും കിഫ്ബിയുടെ അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുകയാണ്. ഈ റോഡ് താൽക്കാലികമായി അറ്റകുറ്റപ്പണി നടത്താൻ തുക അനുവദിച്ചിട്ടുണ്ടെന്ന വിവരം പ്രത്യേകം അറിയിക്കുകയാണ്.

(9) പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റ് എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം-എറണാകുളം സംസ്ഥാനപാതയിൽ പാഴൂർ മുതൽ പേപ്പതി വരെയുള്ള രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് അപകടമായ വളവുകൾ നിലനിൽക്കുന്ന ഭാഗമാണ്. അവിടെ അപകടങ്ങളുണ്ടാകുന്നത് പതിവാണ്. ആ വളവുകൾ നിവർത്തി പുതിയ അലൈൻമെന്റിൽ റോഡ് സ്ട്രെയിറ്റൻ ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് റെപ്രസന്റേഷൻ നൽകിയിരുന്നു. പക്ഷേ അതിന്മേൽ തുടർനടപടികളുണ്ടാകാത്തതിനാലാണ് സബ്മിഷനായി ഈ വിഷയം സഭയിൽ ഉന്നയിക്കുന്നത്. സംസ്ഥാനപാതയിൽ അത്തരത്തിലുള്ള വളവുകൾ നിലനിൽക്കുന്നത് ആശാസ്യമല്ല. അപകടങ്ങളുണ്ടാകുന്നു, ഇതിന് ആൾട്ടർനേറ്റീവ് അവിടെയുണ്ട്. അതിനായുള്ള സാഹചര്യമുണ്ട്. നാറ്റ്പാക് ഇതുമായി ബന്ധപ്പെട്ട പ്രാഥമിക ഇൻവെസ്റ്റിഗേഷൻ നടത്തിയെന്നുമാത്രമേയുള്ളു. തുടർനടപടികളുണ്ടായിട്ടില്ല. അതോടൊപ്പം പിറവം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുന്ന എക്സൈസ് കടവ് പാലം നിർമ്മിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണം. അതിനുവേണ്ട

റെപ്രസന്റേഷൻ നൽകിയപ്പോൾ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച മറുപടി അത് തണ്ണീർത്തടമായതിനാൽ കൃഷി വകുപ്പിൽനിന്നും പരിവർത്തനാനുമതി ലഭിക്കണമെന്നാണ്. അത് ഫെബ്രുവരി മാസത്തിൽ ലഭിച്ച മറുപടിയാണ്. എന്നാൽ തുടർനടപടികളുണ്ടായിട്ടില്ല. ഈ പാലത്തിനായി ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിലുണ്ടെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഈ വളവുകൾ നിവർത്തി പുതിയ അലൈൻമെന്റിൽ റോഡുകൾ നിർമ്മിക്കണമെന്നും എക്സൈസ് കടവ് പാലം പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൃപ്പൂണിത്തുറ-മൂവാറ്റുപുഴ റോഡിന്റെ ഭാഗമായി പേപ്പതി-പാഴൂർ ഭാഗത്തെ വളവുകളും കയറ്റവും കുറയ്ക്കണമെന്ന ആവശ്യമാണ് ശ്രീ. അനൂപ് ജേക്കബ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഈ പ്രവൃത്തി നടപ്പാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ട്. 14.98 ലക്ഷം രൂപ ചെലവ് വരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്. ഇതിന്

ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സാമ്പത്തിക ലഭ്യതകൂടി പരിശോധിച്ച് പാലം നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

(റിപ്പോർട്ട് സമർപ്പണം)